ഊരുവിദ്യാകേന്ദ്രങ്ങൾ എം.ജി.എൽ.സി.-കൾ എന്നിവിടങ്ങളിലും ഓൺലൈൻ പഠനത്തിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ വിക്ടേഴ്സ് ചാനലിൽ വരുന്ന ക്ലാസ്സുകൾ റിക്കോർഡ് ചെയ്ത് കോളനികളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നാദാപുരം മണ്ഡലത്തിലെ വാണിമേൽ, നേരിപ്പറ്റ, മരുതോങ്കര, കാവിലുംപാറ ഗ്രാമപഞ്ചയാത്തുകളിലെ വായാട്, പന്നിയേരി, കുറ്റല്ലൂർ, മാടഞ്ചേരി കെട്ടിൽ, കടിൽപ്പാറ, അടുപ്പിൽ, വാളാന്തോട്, ഒടാങ്കോട് തുടങ്ങിയ ആദിവാസി കോളനികളിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് അടിയന്തര പ്രാധാന്യം നൽകി കെ- ഫോൺ സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഓൺലൈൻ പഠനത്തിനായി സൗകര്യങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്ത കുട്ടികൾക്ക് ഡിജിറ്റൽ/ഓൺലൈൻ പഠനത്തിന് മൊബൈൽ ഫോൺ/ടാബ് മുതലായ സംവിധാനങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

പട്ടികവിഭാഗക്കാരുടെ ചികിത്സാ ധനസഹായം ഓൺലൈൻ വഴിയാക്കുന്നതിന് നടപടി

53(558) ശ്രീ. മോൻസ് ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടേതു പോലെ പട്ടിക വിഭാഗക്കാരുടെയും ചികിത്സാ ധനസഹായം ഓൺലൈനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ധനസഹായപദ്ധതി 'ടി ഗ്രാന്റ്സ്' എന്ന ഓൺലൈൻ സംവിധാനം മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി നല്കിക്കൊണ്ടും ആയതിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചു കൊണ്ടും 31-10-2020-ലെ സ.ഉ.(കൈ)നമ്പർ 25/2020/പ.ജ.പ.വ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടിക വർഗ്ഗക്കാരുടെ ചികിത്സാസഹായം പ്രസ്തുത ആപ്ലിക്കേഷൻ മുഖേന ഓൺലൈനാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്കാരുടെ 5,000 രൂപ വരെയുള്ള ചികിത്സാധനസഹായം ബന്ധപ്പെട്ട ജില്ലാ ആഫീസിൽനിന്നും നേരിട്ടും 5,000 രൂപയ്ക്ക് മുകളിൽ 25,000 രൂപ വരെയുള്ള ചികിത്സാധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും അനുവദിച്ച് വരുന്നു 25,000 രൂപയ്ക്ക് മുകളിലേയ്ക്കുള്ള അപേക്ഷകൾ സർക്കാർ തലത്തിലും കാലതാമസമില്ലാതെ അനുവദിച്ചു വരുന്നുണ്ട്.

(സി) ചികിത്സാ ധനസഹായ അപേക്ഷകൾ സമർപ്പിക്കുന്നതിന് എം.എൽ.എ.-മാർക്ക് പ്രത്യേക പോർട്ടൽ തയ്യാറാക്കുമോ?

31-10-2020-ലെ സ.ഉ.(കൈ) നമ്പർ 25/2020/പ.ജ.പ.വ.വി.വ. പ്രകാരം പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായ വിതരണത്തിനായി പുതുതായി തയ്യാറാക്കിയ 'ടി ഗ്രാന്റ്സ്' എന്ന വെബ് ആപ്ലിക്കേഷനിലെ മാർഗ്ഗനിർദേശങ്ങൾ പ്രകാരം എം.എൽ.എ.-മാരുടെ ശിപാർശക്കത്തുള്ള പക്ഷം അപേക്ഷ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് വകുപ്പുമന്ത്രിയുടെ ഓഫീസിലേയ്ക്ക് നേരിട്ട് അയയ്ക്കാവുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗ അവകാശ സംരക്ഷണനിയമം

54(559) ശ്രീ. വി. ശശി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിനായി പട്ടികജാതി, പട്ടികവർഗ്ഗ അവകാശ സംരക്ഷണ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പൗരാവകാശ നിയമം (Protection of Civil Rights Act 1955) നിലവിലുണ്ട്. കൂടാതെ ഈ വിഭാഗക്കാർക്കുണ്ടാകുന്ന പീഡനത്തിൽനിന്നും സംരക്ഷണം നൽകുന്നതിനായി അതിക്രമം തടയൽ നിയമം (POA Act 1989) നിലവിലുണ്ട്. കൂടാതെ ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും വകുപ്പു ഉറപ്പു വരുത്തുന്നുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly